**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1573** **12-02-2025 - ൽ മറുപടിയ്ക്ക്**

**തിരുന്നാവായയിൽ മാമാങ്കം നടന്നിരുന്ന നിലപാട് തറ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി (രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | തിരൂർ നിയോജക മണ്ഡലത്തിലെ തിരുന്നാവായയിൽ മാമാങ്കം നടന്നിരുന്ന നിലപാട് തറയുടെ ഉടമസ്ഥാവകാശം ആർക്കാണെന്ന് വ്യക്തമാക്കാമോ; | (എ) | തിരൂർ മണ്ഡലത്തിലെ തിരുനാവായ വില്ലേജിലെ നിലപാട്ടുതറ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. എന്നാൽ ഇതിന്റെ ഉടമസ്ഥാവകാശം പുരാവസ്തുവകുപ്പിന് കൈമാറിയിട്ടില്ല. സ്മാരകത്തിന്റെ ദൈനംദിന കാര്യങ്ങൾ നോക്കുന്നതിന് മലപ്പുറം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | നിലപാട് തറയിലേക്ക് സന്ദർശകർക്ക് പ്രവേശിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | നിലപാട് തറയിലേക്കുള്ള സന്ദർശകരുടെ പ്രവേശനത്തിന് വകുപ്പ് വിലക്ക് ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ, നിലപാട് തറയുടെ അതിർത്തിയിലുള്ള ഭൂമിയുടെ അവകാശ തർക്കത്തെ തുടർന്നുള്ള കോടതി വിധിയുടെ അടിസ്ഥാനത്തിൽ തിരൂർ തഹസിൽദാർ വകുപ്പിൽ ലഭ്യമാക്കിയിട്ടുള്ള സ്കെച്ച് പ്രകാരം നിലവിൽ നിലപാട്ടുതറയിലേക്ക് പ്രവേശിക്കുന്നതിന് പ്രത്യേകം വഴിയില്ലാത്തതാണ്. സ്കെച്ച് പ്രകാരം, പൊതുവഴിയിൽ നിന്നും നിലപാട്ടുതറയിലേക്ക് പ്രവേശിക്കുന്ന പടിഞ്ഞാറുഭാഗത്ത് കൊടക്കൽ ടൈൽ ഫാക്ടറിയുടെ കെട്ടിടവും, കിഴക്ക് ഭാഗത്ത് മതിലും ആണ് ഉള്ളത്. സർവ്വേ സ്കെച്ചിൽ പറയുന്ന പടിഞ്ഞാറും, കിഴക്കും ഉള്ള വഴികളിൽ നിലവിൽ മതിലും, കെട്ടിടവും സ്ഥിതി ചെയ്യുന്നതിനാൽ സഞ്ചാരയോഗ്യമല്ല. കിഴക്ക് ഭാഗത്തുള്ള മതിൽ പൊളിച്ചുമാറ്റിയാൽ നിലപാട്ടുതറയിലേക്ക് കടക്കാൻ സാധിക്കും എന്നാണ് തഹസിൽദാർ അറിയിച്ചിട്ടുള്ളത്. ബഹു. കോടതി നിർദ്ദേശത്തിന്റെ കൂടി അടിസ്ഥാനത്തിൽ പുരാവസ്തു വകുപ്പ് ഈ വിഷയം പരിശോധിച്ചുവരുന്നു. |
| (സി) | നിലപാട് തറയിൽ പ്രവേശിക്കുന്നതിന് സന്ദർശകർക്ക് അനുമതി ലഭ്യമാക്കിയിട്ടില്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് അറിയിക്കാമോ; | (സി) | നിലപാട് തറയിലേക്കുള്ള സന്ദർശകരുടെ പ്രവേശനത്തിന് വകുപ്പ് വിലക്ക് ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ, നിലപാട് തറയുടെ അതിർത്തിയിലുള്ള ഭൂമിയുടെ അവകാശ തർക്കത്തെ തുടർന്നുള്ള |

| | | | |
|---|---|---|---|
| | | | കോടതി വിധിയുടെ അടിസ്ഥാനത്തിൽ തിരൂർ തഹസിൽദാർ വകുപ്പിൽ ലഭ്യമാക്കിയിട്ടുള്ള സ്കെച്ച് പ്രകാരം നിലവിൽ നിലപാടുതറയിലേക്ക് പ്രവേശിക്കുന്നതിന് പ്രത്യേകം വഴിയില്ലാത്തതാണ്. സ്കെച്ച് പ്രകാരം, പൊതുവഴിയിൽ നിന്നും നിലപാടുതറയിലേക്ക് പ്രവേശിക്കുന്ന പടിഞ്ഞാറുഭാഗത്ത് കൊടക്കൽ ടൈൽ ഫാക്ടറിയുടെ കെട്ടിടവും, കിഴക്ക് ഭാഗത്ത് മതിലും ആണ് ഉള്ളത്. സർവ്വേ സ്കെച്ചിൽ പറയുന്ന പടിഞ്ഞാറും, കിഴക്കും ഉള്ള വഴികളിൽ നിലവിൽ മതിലും, കെട്ടിടവും സ്ഥിതി ചെയ്യുന്നതിനാൽ സഞ്ചാരയോഗ്യമല്ല. കിഴക്ക് ഭാഗത്തുള്ള മതിൽ പൊളിച്ചുമാറ്റിയാൽ നിലപാടുതറയിലേക്ക് കടക്കാൻ സാധിക്കും എന്നാണ് തഹസിൽദാർ അറിയിച്ചിട്ടുള്ളത്. ബഹു. കോടതി നിർദ്ദേശത്തിന്റെ കൂടി അടിസ്ഥാനത്തിൽ പുരാവസ്തു വകുപ്പ് ഈ വിഷയം പരിശോധിച്ചുവരുന്നു. |
| (ഡി) | നിലപാട് തറയിൽ പ്രവേശിക്കുന്നതിന് സന്ദർശകർക്ക് അനുമതി നൽകുന്നതിന് നടപടി ഉണ്ടാകുമോയെന്ന് അറിയിക്കാമോ? | (ഡി) | നിലപാട് തറയിലേക്കുള്ള സന്ദർശകരുടെ പ്രവേശനത്തിന് വകുപ്പ് വിലക്ക് ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ, നിലപാട് തറയുടെ അതിർത്തിയിലുള്ള ഭൂമിയുടെ അവകാശ തർക്കത്തെ തുടർന്നുള്ള കോടതി വിധിയുടെ അടിസ്ഥാനത്തിൽ തിരൂർ തഹസിൽദാർ വകുപ്പിൽ ലഭ്യമാക്കിയിട്ടുള്ള സ്കെച്ച് പ്രകാരം നിലവിൽ നിലപാടുതറയിലേക്ക് പ്രവേശിക്കുന്നതിന് പ്രത്യേകം വഴിയില്ലാത്തതാണ്. സ്കെച്ച് പ്രകാരം, പൊതുവഴിയിൽ നിന്നും നിലപാടുതറയിലേക്ക് പ്രവേശിക്കുന്ന പടിഞ്ഞാറുഭാഗത്ത് കൊടക്കൽ ടൈൽ ഫാക്ടറിയുടെ കെട്ടിടവും, കിഴക്ക് ഭാഗത്ത് മതിലും ആണ് ഉള്ളത്. സർവ്വേ സ്കെച്ചിൽ പറയുന്ന പടിഞ്ഞാറും, കിഴക്കും ഉള്ള വഴികളിൽ നിലവിൽ മതിലും, കെട്ടിടവും സ്ഥിതി ചെയ്യുന്നതിനാൽ സഞ്ചാരയോഗ്യമല്ല. കിഴക്ക് ഭാഗത്തുള്ള മതിൽ പൊളിച്ചുമാറ്റിയാൽ നിലപാടുതറയിലേക്ക് കടക്കാൻ സാധിക്കും എന്നാണ് തഹസിൽദാർ അറിയിച്ചിട്ടുള്ളത്. ബഹു. കോടതി നിർദ്ദേശത്തിന്റെ കൂടി അടിസ്ഥാനത്തിൽ പുരാവസ്തു വകുപ്പ് ഈ വിഷയം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ